# ഏപ്രിൽ 28 ഉയിർപ്പ് അഞ്ചാം ഞായർ

## ഏശ. 49: 7-13
## യോഹ 21: 1-14

## ഭാഷ്യം

## ഏശ. 49: 7 – 13

### I. സന്ദർഭം

രണ്ടാം ഏശയ്യായുടെ ഗ്രന്ഥത്തിൽ (ഏശ 40-55) സഹനദാസനെക്കുറിച്ചുള്ള നാലു ഗീതങ്ങളുണ്ട് (ഏശ 42,1-6; 49,1-6; 50:4-11; 52, 13-53,12). ഇവയിൽ രണ്ടാമത്തെ ഗീതത്തിന്റെ തുടർച്ചയായി കർത്താവിന്റെ ദാസൻ തന്റെ ജനത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങളാണ് ഇന്നത്തെ വായനയിൽ പ്രതിപാദിച്ചിരിക്കുന്നത്. ഏശയ്യാ വിഭാവനം ചെയ്ത ദൈവത്തിന്റെ ദാസൻ (Ebed Yahweh) പുതിയ നിയമത്തിൽ നമ്മുടെ കർത്താവു തന്നെയാണ്. യേശുവിന്റെ ദൗത്യം സഹനദാസന്റെ ദൗത്യം തന്നെയായിരുന്നു.

### II. പ്രമേയം

1. സഹനദാസൻ ലോകത്തിന്റെ മുമ്പിൽ നിന്ദിതനും എളിമപ്പെടുത്തപ്പെട്ടവനും ആയിരുന്നെങ്കിലും ദൈവം അയാളെ മഹത്വപ്പെടുത്തുകയും അതുവഴി അയാൾ ബഹുമാനിതനാവുകയും ചെയ്യും (വാ. 7).
2. സഹനദാസൻ ദൈവജനത്തിന് ഒരു ഉടമ്പടിയായിരിക്കും (വാ. 8)
3. ബന്ധിതർക്ക് മോചനം നൽകാനും അന്ധകാരത്തിൽ ഇരിക്കുന്നവർക്ക് പ്രകാശം നല്കുവാനുമായിട്ടാണ് അയാൾ നിയമിതനായിരിക്കുന്നത് (വാ. 9).
4. സഹനദാസൻ ജനത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ ദൈവം തന്നെ അവർക്കുവേണ്ടി ചെയ്യുന്നതാണ്. തന്മൂലം ദൈവത്തിന്റെ പദ്ധതിയാണ് സഹനദാസൻ നടപ്പിൽ വരുത്തുന്നത് (വാ. 10-12).

### III. സന്ദേശം

ഉയിർപ്പുകാലത്ത് നമ്മൾ ആഘോഷിക്കുന്നത് മരണത്തിന്മേലും പാപത്തിന്റെ ശക്തികളുടെ മേലും നമ്മുടെ കർത്താവു നേടിയ വിജയമാണ്. ബാബിലോൺ പ്രവാസകാലത്ത് രണ്ടാം ഏശയ്യാ പ്രവചിച്ച സഹനദാസനെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം യേശുവിൽ നിറവേറി. ഏറ്റം വെറുക്കപ്പെട്ടവനും ജനതകളാൽ നിന്ദിതനുമായിരുന്നു പീഡാനുഭവവേളയിൽ നസ്രായനായ

യേശു. അവനെക്കണ്ടവരെല്ലാം മുഖം തിരിച്ചുകളയത്തക്കവിധം അത്രമാത്രം വിരൂപനായിരുന്നു അയാൾ. കുരിശിൽ കിടന്ന് മരണവേദന അനുഭവിക്കുന്ന കർത്താവിന്റെ ചിത്രമാണത്. എന്നാൽ "ഇസ്രയേലിന്റെ പരിശുദ്ധനും വിശ്വസ്തനുമായ കർത്താവ്" തന്റെ ഈ ദാസനെ ഉയർത്തി. യേശു ക്രിസ്തുവിന്റെ ഉയിർപ്പ് ദൈവം യേശുവിനെ മഹത്വപ്പെടുത്തിയതിന്റെ അടയാളമായിരുന്നു". "ആകയാൽ ദൈവം അയാളെ ഉയർത്തി. എല്ലാ നാമത്തേക്കാൾ ഉത്തമമായ നാമം അയാൾക്ക് നൽകി" എന്ന് (ഫിലിപ്പി 2,3) വി. പൗലോസ് പ്രസ്താവിക്കുന്നത് ഈ ഉയിർപ്പിക്കലിനെയും മഹത്വപ്പെടുത്തിലിനെയും കുറിച്ചാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ഏല്ലാവരും അവിടുത്തെ കുമ്പിട്ട് ആരാധിക്കുന്നത് (ഏശ 49,7; ഫിലി 2,10) ഈ കാരണത്താലാണ്. വെളിപാടുഗ്രന്ഥത്തിൽ അർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ മുമ്പിൽ സ്വർഗ്ഗവാസികൾ സ്രാഷ്ടാംഗം പ്രണമിച്ച് അവനെ ആരാധിക്കുന്ന ഒരു ദൃശ്യമുണ്ട് (വെളി 5,6-10). സഹനദാസന്റെ മഹത്വീകരണമാണ് അത് സൂചിപ്പിക്കുന്നത്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# യോഹ 21: 1-14

## I. പ്രമേയം

ഉത്ഥിതനായ യേശു മഗ്ദലേന മറിയത്തിനും, ശിഷ്യർക്കും, തോമസിനും പ്രത്യക്ഷപ്പെട്ട ശേഷം (20:11-31) ഗലീലിയിൽ വച്ച് ശിഷ്യ സമൂഹത്തിനു പ്രത്യക്ഷപ്പെടുന്നതാണ് സന്ദർഭം. മീൻ പിടുത്തത്തിലേക്ക് തിരിച്ചുപോകുന്നവരെ തേടിയാണ് യേശു തിബേരിയോസ് കടൽതീരത്തെത്തുന്നത്.

## II. പ്രമേയം

തിബേരിയാസ് കടൽത്തീരത്തെ അത്ഭുതകരമായ മീൻപിടുത്തമാണ് പ്രമേയം. ഇതിനെ യേശുവിന്റെ വെളിപ്പെടുത്തലായിട്ടാണ് സുവിശേഷകൻ വിവരിക്കുന്നത് (21:1). സമാനമായ സമൃദ്ധിയുടെ ഒരത്ഭുതം സുവിശേഷത്തിന്റെ ആരംഭത്തിലും കാണാം (2:1-11). അതും യേശുവിന്റെ വെളിപ്പെടുത്തലായിട്ടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത് (2:11). രണ്ട് അത്ഭുതങ്ങളുടെയും പരിണതഫലം യേശുവിലുള്ള ശിഷ്യരുടെ വിശ്വാസമാണ് (2:11; 21:15-17).

## III. സന്ദേശം

1. മീൻ കിട്ടിയോയെന്ന് ചോദിക്കുന്ന യേശുവിനോടുള്ള ശിഷ്യരുടെ ഉത്തരം ഒന്നും കിട്ടിയില്ലെന്നാണ്. പരാജയത്തിന്റെയും, ഇല്ലായ്മയുടെയും ആ ഏറ്റുപറച്ചലിൽ നിന്നാണ് അവരുടെ ജീവിതത്തിലെ ഏറ്റവും വലിയ മീൻ പിടുത്തം ആരംഭിക്കുന്നത്. തമ്പുരാന്റെ മുമ്പിൽ നിന്റെ കുറവുകളും പരിമിതികളും നീ തുറന്നു വയ്ക്കുക; എറ്റു പറയുക. അപ്പോഴാണ് നിന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുന്നത്. ഏറ്റവും വലിയ നേട്ടം നിന്റെ ജീവിതത്തിൽ

വന്നു നിറയുന്നതും അപ്പോഴാണ്. അതിനാൽ പരാജയവും വിജയവും വന്നണയുമ്പോൾ ഓർമ്മിക്കുക. യേശുവിനോടു ഏറ്റു പറയാനും അവനെ ആശ്രയിക്കാനുമുള്ള സമയമായിരിക്കുന്നു.

2. പത്രോസിനോടുള്ള യേശുവിന്റെ ചോദ്യം; "നീ എന്നെ സ്നേഹിക്കുന്നുവോ" എന്നാണ് (21:15). സ്നേഹം ഏറ്റുപറയുന്നവനെയാണ് ആടുകളെ മേയ്ക്കാനുള്ള കടമ ഏൽപ്പിക്കുന്നത്. ഇടയധർമ്മത്തിന്റെ മർമ്മമിതാണ് - സ്നേഹം. യേശുവിനോടുള്ള സ്നേഹം, അതോടൊപ്പം സ്വന്തം ആടുകളോടുള്ള സ്നേഹം. സ്നേഹിക്കുന്നിടത്താണ് ഇടയൻ രൂപപ്പെടുന്നത്. ആരെയൊക്കെ നീ സ്നേഹിക്കുകയോ എവിടെയൊക്കെ നീ സ്നേഹം അർപ്പിക്കുകയോ ചെയ്യുന്നുവോ, അപ്പോഴൊക്കെ നീ ഇടയനായി മാറിക്കൊണ്ടിരിക്കുകയാണ് - അതിനാൽ നിന്റെ സ്നേഹത്തിന്റ വ്യാപ്തിയും, ആഴവും നീ വർധിപ്പിക്കുക.

3. കരക്കിറങ്ങുന്ന ശിഷ്യരോട് യേശു ആദ്യം ആവശ്യപ്പെടുന്നത് - പ്രാതൽ കഴിക്കാനാണ് (21:12). സ്നേഹത്തെക്കുറിച്ചും, ഇടയധർമ്മത്തെക്കുറിച്ചുമൊക്കെ പറയുന്നതിനു മുൻപ്, അവൻ ഭക്ഷണം കഴിക്കാൻ പറയുന്നു. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളാണ് പ്രധാനം. വിശക്കുന്നവർക്ക് ഭക്ഷണം, രോഗിക്ക് സൗഖ്യം, നഗ്നന് വസ്ത്രം, ഭവനരഹിതന് വീട്. ഇതൊക്കെയാണ് നാം ആദ്യം ശ്രദ്ധിക്കേണ്ടത്. ആത്മീയതയും പരലോക കാര്യങ്ങളും അതിനു ശേഷവും. നിന്റെ ചുറ്റുമുള്ളവരുടെ പ്രാഥമികാവശ്യങ്ങൾ ആദ്യം ശ്രദ്ധിക്കാൻ നിനക്കാകുന്നുണ്ടോ? എങ്കിൽ മാത്രമാണ് നീ യഥാർത്ഥ ക്രിസ്തു ശിഷ്യനാകുന്നത്.

**ഡോ. ജെ. നാലുപറയിൽ**

# പ്രസംഗം

## യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു

മറ്റു സുവിശേഷകരിൽ നിന്നും വിഭിന്നമായി വി. യോഹന്നാൻ സുവിശേഷകന്റെ വചനഭാഗങ്ങൾ അതീവ തീവ്രവും, ദൃശ്യഭംഗി നിറഞ്ഞതുമാണ്; വളരെ പ്രത്യേകിച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന ഭാഗങ്ങൾ. വചനം വായിക്കുന്ന, ഗ്രഹിക്കുന്ന, ഹൃദ്യസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസിക്കും അതീവ ലാളിത്യത്തോടെ എന്നാൽ ഒട്ടും തന്നെ സുവിശേഷത്തിന്റെ അന്തഃസത്ത ചോർന്നുപോകാതെ വളരെ സ്പഷ്ടമായി വചനത്തെ ഗ്രഹിക്കാൻ തക്കവണ്ണമാണ് യോഹന്നാൻ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത്.

ഇന്നത്തെ ധ്യാനവിഷയം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം ശിഷ്യന്മാർക്ക് മുൻപിൽ മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെടുന്ന ഒരു ഭാഗമാണ്. മാതൃവാത്സല്യത്തോടെ ശിഷ്യന്മാർക്ക് പ്രാതലൊരുക്കി കാത്തിരിക്കുന്ന ഒരമ്മയായി ക്രിസ്തുവിനെ സുവിശേഷകൻ കാണിക്കുന്നു. മാതൃവാത്സല്യവും

പിതൃവാത്സല്യവും ഒരു വ്യക്തിത്വത്തിന്റെ രണ്ടു ഭാഗങ്ങൾ അഥവാ ഒരു വ്യക്തിയിൽ അതിതീവ്രമായ ഈ രണ്ടു ഭാവങ്ങൾ അടങ്ങിയിരിക്കുന്നു എന്ന തിന്റെ ഒരു ആവിഷ്ക്കാരമാണിത്.

ഈ വചനഭാഗം മാനുഷികമൂല്യങ്ങളുടേതായ 'തുറവി'യോടും 'അനുസ രണ'യോടും ധ്യാനിക്കാനാണെനിക്കിഷ്ടം. 'തുറവി' എന്നത് എല്ലാ മനുഷ്യ രിലും കണ്ടുവരുന്ന ഒരു മാനുഷിക മൂല്യമല്ല. പ്രത്യേകിച്ച് അതിബുദ്ധിമാ ന്മാരും വക്രബുദ്ധിക്കാരും അരങ്ങുവാഴുന്ന ഈ ഭൂമിയിൽ എല്ലാ മനുഷ്യരിലും എല്ലാ മാനുഷികഗുണങ്ങളും മൂല്യങ്ങളുമുണ്ട്. പക്ഷെ, അത് തിരിച്ചറിയാൻ വളരെ കുറച്ച് വ്യക്തികൾക്കേ കഴിയുന്നുള്ളൂ എന്നുമാത്രം.

'തുറവി'... മനുഷ്യമൂല്യങ്ങളുടെ ആദ്യപടിയാണ്. അത് ഒരു തിരിച്ചറിവാണ്. തന്റെ തന്നെ ബലവും ബലഹീനതയും ഒരുപോലെ ഒരു വ്യക്തി തിരിച്ചറി യുമ്പോഴാണ് അയാളിൽ 'തുറവി' ഉടലെടുക്കുക. ഒരു മനുഷ്യന് മറ്റുള്ളവരോട് തുറവിയോടെ സംസാരിക്കാൻ അതിധൈര്യം തന്നെ വേണം. അതി ധൈര്യത്തിന് മനുഷ്യനെ പ്രേരിതനാക്കുന്നത്, അചഞ്ചലമായ വിശ്വാസമാണ്. ദൈവത്തിലധിഷ്ഠിതമായ വിശ്വാസം. ഇത്തരം വിശ്വാസത്തിൽ നിന്നെ തുറവി പിറവിയെടുക്കൂ. ഈ തുറവിയിലൂടെ മാത്രമേ സഹജീവികളെ സഹായി ക്കാനും അനുസരിക്കാനും കഴിയൂ.

വചനം വരച്ചുകാണിക്കുന്നുണ്ട്, ക്രിസ്തുവിന്റെ മരണത്തിനു ശേഷം വീണ്ടും പഴയ ജീവിതത്തിലേക്കും അധ്വാനത്തിലേക്കും തിരിച്ചുപോകുന്ന ശിഷ്യന്മാരെക്കുറിച്ച്. എന്തുകൊണ്ടാണ് ഒരു പുതിയ ജീവിതത്തിൽ നിന്നും പഴയതിലേയ്ക്ക് പോയിട്ടുണ്ടാവുക? പുതിയ ജീവിതം തുടരുവാൻ കഴിയാത്ത അവസ്ഥയിൽ അഥവാ അതിന്റെ ലക്ഷ്യവും വഴിയും നഷ്ടപ്പെടുമ്പോഴാണ് നാം വീണ്ടും പഴയതു തേടി പോകാറ്.

ശിഷ്യന്മാരുടെ ജീവിതത്തിൽ സംഭവിച്ചതും ഇതുതന്നെയാണ്. കഴിഞ്ഞ മൂന്നുവർഷക്കാലം ഊണിലും ഉറക്കത്തിലും തങ്ങളുടെ അതി-ധൈര്യമായി രുന്ന ക്രിസ്തു ഇന്ന് അവരോടൊപ്പമില്ല... മനുഷ്യജീവിതത്തിൽ ദൈവമി ല്ലാത്ത അവസ്ഥ 'തുറവി'യുടെ മരണമാണ്. ക്രിസ്തു മരിച്ചുവെന്ന അവരുടെ വിശ്വാസം അത് അവരെ അടിമുടി തകർത്തുകളഞ്ഞു.

പലപ്പോഴും ജീവിതത്തിൽ പരാജയത്തെ മുഖാമുഖം കാണുമ്പോൾ... ജീവിതത്തിൽ ഒറ്റപ്പെടുമ്പോൾ... കുടുംബങ്ങളിൽ ഉലച്ചിൽ തട്ടുമ്പോൾ നമ്മുടെയൊക്കെ ആത്മധൈര്യം നഷ്ടപ്പെടാറുണ്ട്. വീണ്ടും പഴയ അവസ്ഥ യിലേയ്ക്ക് തിരിച്ചുപോകാറുണ്ട്. വ്യർത്ഥമായ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടാറുണ്ട്... വ്യർത്ഥമായ അർത്ഥശൂന്യമായ യാത്ര.

ക്രിസ്തുശിഷ്യരും ഇത്തരമൊരു അലച്ചിലിലാണ്. തിബേരിയൂസ് എന്ന സമുദ്രം അവർക്ക് അത്ര അപരിചിതമല്ല. ഈ സമുദ്രത്തിന്റെ മുക്കും മൂലയും കൃത്യമായി അറിയാവുന്ന ('പണി' അറിയാവുന്ന) മുക്കുവന്മാർ തന്നെയാണ്

ശിഷ്യന്മാർ. ഇതിന് മുൻപ് പലപ്പോഴും അവർക്ക് 'ചാകര' ലഭിച്ചിട്ടുമുണ്ട്. പക്ഷേ... ഇന്ന് അവർ കഴിവിന്റെ പരമാവധി അധ്വാനിച്ചിട്ടും മത്സ്യം ലഭിക്കുന്നില്ല. രാത്രിയിൽ വ്യർത്ഥമായി.... പാഴായിപ്പോകുന്ന കഠിനാധ്വാനം.

മനുഷ്യജീവിതത്തിൽ വ്യർത്ഥമായിപ്പോകുന്ന അധ്വാനങ്ങൾ നിരവധിയാണ്. പലപ്പോഴും മനുഷ്യനെ ഇത്തരം വ്യർത്ഥമായ അധ്വാനങ്ങൾ ആത്മഹത്യയിലേയ്ക്കും ... മദ്യപാനാസക്തിയിലേയ്ക്കും വരെ നയിക്കാറുണ്ട്. ഇത്തരം തകർച്ചയിലാണ് നമ്മുടെ മാനുഷീക മൂല്യങ്ങൾ ഉണർന്നെണീക്കേണ്ടത്.

ധൂർത്തപുത്രന്റെ ഉപമയിൽ തന്റെ കൈയ്യിലുള്ള ധനമെല്ലാം ധൂർത്തടിച്ച് ആത്മഹത്യയുടെ മുനമ്പിൽ നിന്നാണ് തന്റെ പിതാവിനെക്കുറിച്ച് അവൻ ചിന്തിക്കുന്നത്. അവന്റെ 'തുറവി' തന്റെ ബലഹീനതകളെ മറന്ന് പിതാവിൽ ആശ്രയിക്കാൻ പ്രേരണയാകുന്നു.

തിബേരിയൂസ് കടലിൽ ആ രാത്രിയിൽ പാഴാകുന്നത് വ്യർത്ഥമായ അദ്ധ്വാനം മാത്രമല്ല... തങ്ങളുടെ കഴിവുകളിൽ അവർക്കുണ്ടായിരുന്ന അമിത ആത്മവിശ്വാസം കൂടിയാണ്. ഒടുവിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവരിലേക്കെത്തുന്നു. (ഒരമ്മയുടെ) മാതൃവാത്സല്യത്തോടെ ക്രിസ്തു ചോദിക്കുന്നു: "കുഞ്ഞുങ്ങളെ നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ"?

നെഞ്ചത്ത് കൈ വച്ചുകൊണ്ട് ശിഷ്യന്മാർ മനസ്സു തുറക്കുകയാണ്. നിഷ്ക്കളങ്കമായ തുറവിയോടെ അവർ പറയുന്നു. "ഞങ്ങൾക്കൊന്നും കിട്ടിയില്ല."

പ്രിയമുള്ളവരെ തുറന്നു പറയുവാൻ കഴിയണം. ഉള്ളത് ഉള്ളതുപോലെ പറയുവാൻ കഴിയണം.

നമ്മുടെ സമൂഹത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും ഒരു പ്രധാനപ്പെട്ട കാര്യം തുറവിയില്ലായ്മയാണ്. ഭാര്യ-ഭർതൃ ബന്ധങ്ങളിലെ തുറവിയില്ലായ്മ. മക്കൾ-മാതാപിതാക്കൾ ബന്ധങ്ങളിലെ തുറവിയില്ലായ്മ. പുരോഹിതന്മാർക്കും സന്യാസി-സന്യാസിനികൾക്കും ഇടയിലുള്ള തുറവിയില്ലായ്മ. ജീവിതത്തിലെ കാര്യങ്ങൾ സത്യസന്ധതയോടെ സമീപിക്കാൻ സാധിക്കണം.

വചനത്തിലേയ്ക്ക് കടന്നുവരുമ്പോൾ വീണ്ടും ക്രിസ്തു ശിഷ്യന്മാരോട് ആവശ്യപ്പെടുന്നുണ്ട്. ''വഞ്ചിയുടെ വലതുവശത്ത് വലയിറക്കുക''. "അനുസരണം" തുറവിയുടെ മറ്റൊരു ഭാഗമാണ്. തുറവിയുള്ള മനസ്സിനെ മറ്റുള്ളവരെ സഹായിക്കാനും അനുസരിക്കാനും സാധിക്കുകയുള്ളൂ.

തിബേരിയൂസ് കടലിന്റെ എല്ലാ ഭാഗങ്ങളിലും വലയെറിഞ്ഞു ക്ഷീണിച്ചവരാണ് ക്രിസ്തുശിഷ്യർ. ഇതിനു മുമ്പും ഒരുപാടു പ്രാവശ്യം അവർ വഞ്ചിയുടെ വലതുവശത്ത് വലയെറിഞ്ഞിരിക്കണം. എന്നാലും തുറവിയുള്ള മനസ്സ് ആ അജ്ഞാതന്റെ വാക്കുകൾ അനുസരിക്കുകയാണ്.

പൂർണ്ണ മനസ്സോടെയുള്ള അനുസരണം അത് ആത്മത്യാഗമാണ്. അതിന്റെ ഫലം മനസ്സുനിറയെ ആയിരിക്കും. വചനം എന്തുപറയുന്നു... വല വഞ്ചിയിലേയ്ക്ക് എടുത്തു കയറ്റാൻ കഴിയാത്ത വിധം നിറഞ്ഞിരിക്കുന്നു. ഞാൻ

പൂർണ്ണനല്ല എന്ന തിരിച്ചറിവാണ് ഒരു മനുഷ്യനിൽ 'തുറവി'ക്ക് ജന്മം കൊടുക്കുന്നത്. ഇവിടെ ക്രിസ്തുശിഷ്യർ തങ്ങളുടെ കഴിവുകളിലുള്ള അമിതമായ ആത്മവിശ്വാസത്തെ പാടെ കളഞ്ഞ് ദൈവത്തിലാശ്രയിക്കുകയാണ്.

താൻ അപൂർണ്ണനാണെന്ന തിരിച്ചറിവാണ് ഒരാളെ ദൈവത്തിലാശ്രയിക്കാൻ സഹായിക്കുന്നത്. ഇത്തരം തിരിച്ചറിവിലൂടെയാണ് ഒരു മനുഷ്യനിൽ 'തുറവി' ജനിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യർക്ക് തങ്ങളെക്കുറിച്ച് ചിന്തിക്കാൻ പോലും സമയമില്ല. വ്യർത്ഥമായ ഓട്ടത്തിലാണ്... പണത്തിനും പേരിനുപുറകെയുള്ള വ്യർത്ഥമായ കഠിനാദ്ധ്വാനത്തിലാണ് പലപ്പോഴും മനുഷ്യർ... ദൈവത്തിന്റെ ഇടപെടലുകൾക്ക് മനുഷ്യന് നിന്നുകൊടുക്കാൻ തന്നെ പ്രയാസമാകുന്ന അവസ്ഥ.

വചനത്തിന്റെ അവസാനഭാഗത്ത് നാം കാണുന്നുണ്ട്. അദ്ധ്വാനിച്ച് ക്ഷീണിച്ച് എത്തുന്ന ശിഷ്യന്മാർക്ക് പ്രാതലൊരുക്കി മാതൃവാത്സല്യത്തോടെ കാത്തിരിക്കുന്ന ക്രിസ്തു...

പറയാൻ ആഗ്രഹിച്ചതും പറഞ്ഞതും ഇത്രമാത്രം... 'തുറവി' വളരെ അത്യാവശ്യമായ കാലഘട്ടത്തിലാണ് നാം ജീവിക്കുക... പരസ്പരം ബഹുമാനിച്ച് പരസ്പരം തുറന്നു സംസാരിച്ച് നമ്മുക്ക് ദൈവരാജ്യവത്ക്കരണത്തിനായ് മുന്നേറാം...

**ഫാ. നിക്സൺ കാട്ടാശ്ശേരി**